കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നൂറനാട് ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.6/1384/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ, തീയതി.13.11.17
ഇ-മെയിൽ – ddhglfalpy@gmail.com
ഫോൺ. 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നൂറനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :നൂറനാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ/എ.എൽ.പി/പി.6/1384/2017 തീയതി:13.11.2017

# ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭിച്ച രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.10.2017 മുതൽ 03.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ലിജിലാൽ.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. മായാദേവി.സി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുഷ റ്റി പിള്ള. | സീനിയർ ഗ്രേഡ് ഓഡിറ്റർമാർ |
| | ശ്രീമതി.രാജി.എസ്. | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ്. | ശ്രീ . അശോകൻനായർ. | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി. | ശ്രീ.അനൂപ് കുമാർ.വി | 01.04.16 മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി. | ശ്രീ.ജി.മോഹനൻ | 01.04.2016മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കവിത.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ഡാനിയൽ കോശി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഷീബ. എസ്.ആർ | 01.04.2015 മുതൽ 01.09.2016 വരെ |
| | ശ്രീമതി.രഞ്ജു രാധാകൃഷ്ണൻ | 02.09.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പാർവതി ജയപാൽ | 01.04.2016മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.പത്മാക്ഷി | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എം.റ്റി.ഷെഫീക് | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.ജിൻഷാദ് ഹസ്സൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ബിനുരാജ്.ഡി | 01.04.2016 മുതൽ 31.03.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റിഷി.എസ് | 01.04.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 മുതൽ 1-10 വരെ | പൊതുഅവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | വസ്തുനികുതിപരിഷ്കരണം - നടപടിക്രമങ്ങളുടെ വിലയിരുത്തൽ |
| 3 | 2-2 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം-വസ്തുനികുതി നിർണ്ണയത്തിലെ അപാകത |
| 4 | 2-3 | മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച നികുതി ഈടാക്കുന്നില്ല |
| 5 | 2-4 | ഡി &ഒ ലൈസൻസ് നടപടികളിലെ അപാകതകൾ |

| | | |
|---|---|---|
| 6 | 2-5 | ടെണ്ടർ ഫീസ് - പഞ്ചായത്തിന് ലഭിക്കാനുള്ളത് 1,22,155/- രൂപ |
| ഭാഗം – 3 | | |
| 7 | 3-1 | ചെലവഴിച്ചിട്ടില്ലാത്ത റിവോൾവിംഗ് ഫണ്ട് ചെലവഴിച്ചതായി കാണിച്ച് ബാങ്കിൽ നിക്ഷേപമാക്കിയിരിക്കുന്നു |
| 8 | 3-2 | പത്താം ക്ലാസിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ- പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ |
| 9 | 3-3 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ - അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ചില്ല |
| 10 | 3-4 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ സൂക്ഷിച്ചിട്ടുള്ളതിലെ അപാകങ്ങൾ |
| 11 | 3-5 | പൂർത്തീകരിച്ച മരാമത്ത് വേലകൾക്ക് നിയമാനുസൃത സേവന നികുതി ഒടുക്കിയിട്ടില്ല |
| 12 | 3-6 | ചെറുമുഖ എൽ.പി.എസ്. അസംബ്ലി ഹാൾ - കരാറുകാരന് അർഹമായ തുക കണക്കാക്കിയതിൽ പിഴവ് |
| 13 | 3-7 | ആശ്രയ ഭവന നിർമ്മാണം - 6.3 ലക്ഷം രൂപ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു |
| 14 | 3-8 | തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ്- വിളക്കുകളുടെ എണ്ണത്തിന് ആനുപാതികമല്ല |
| 15 | 3-9 | ഒ.ഡി.എഫ് - ശുചിത്വ മിഷൻ വിഹിതം നിക്ഷേപമായി |
| 16 | 3-10 | വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-11 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹിച്ച പദ്ധതികൾ :- നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല |
| 18 | 3-12 | പി.എം.സി യോഗം യഥാസമയം ചേരുന്നില്ല, പാലിയേറ്റീവ് നിർവഹണ കമ്മറ്റി രൂപീകരിച്ചില്ല |
| 19 | 3-13 | ഇ. എം. എസ്. ഭവന പദ്ധതി - വീട് നിർമ്മാണം പൂർത്തീകരിച്ചില്ല |
| 20 | 3-14 | ഡെപ്പോസിറ്റ് രജിസ്റ്റർ - കാലഹരണപ്പെട്ട തുകയ്ക്ക് വ്യക്തതയില്ല |
| ഭാഗം – 4 | | |
| 21 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 05.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 116494642 | 113492250 |
| വാർഷിക കണക്ക് പ്രകാരം | 63471433 | 55115480 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2017 | 24.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11425889 | 10723706 | 93.85 |
| വികസനഫണ്ട് എസ്.സി.പി. | 9014940 | 9014108 | 99.99 |
| വികസനഫണ്ട് ടി.എസ്.പി. | 12700 | - | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 8699376 | 6635946 | 76.28 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3481953 | 2344813 | 67.34 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6407846 | 5965768 | 93.1 |
| പെർഫോമൻസ് ഗ്രാന്റ് | 3401221 | 1327816 | 39.03 |
| എം.എൻ.ആർ. ഇ. ജി.എസ്. | 46734664 (വരവ്) | 46609000 (ചെലവ്) | 125664 (നീക്കിയിരുപ്പ്) |
| ബി ഫണ്ട് | 38011230 | 38011230 | 100 |

## 1-5പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 54591214 | 88 | 39566291 | 15 | 33 | 65 |

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 109.18% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 3315528 | 7667362 | 4351834 | 131.26(+) |
| നികുതിയേതര വരവുകൾ | 503502 | 474467 | 29035(-) | 5.77(-) |
| മറ്റ് വരവുകൾ | 739633 | 1393831 | 654198 | 88.45 (+) |
| ആകെ | 4558663 | 9535660 | 4976997 | 109.18(+) |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തൊഴിൽരഹിതവേതനമിനത്തിൽ 81 ഗുണഭോക്താക്കൾക്കായി 162120/-രൂപയും കർഷകത്തൊഴിലാളി പെൻഷൻ ആയി 514 ഗുണഭോക്താക്കൾക്ക് 5329400/- രൂപയും ചെലവഴിച്ചു. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ ആയി യഥാക്രമം 10372142 ഗുണഭോക്താക്കൾക്കായി 11770450/- രൂപയും 16167965/-രൂപയും ചെലവഴിച്ചിട്ടുണ്ട്. 291 ഗുണഭോക്താക്കൾക്ക് വികലാംഗപെൻഷൻ ഇനത്തിൽ 3295905/-രൂപയും അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇനത്തിൽ 74 ഗുണഭോക്താക്കൾക്കായി 895390/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. 13 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമായി 390000/- രൂപയും ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 20104/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായതായി സെക്രട്ടറി രേഖാമൂലം അറിയിച്ചു.സഞ്ചയ സോഫ്റ്റ് വെയറിൽ എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. തനതു വരുമാന ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2017 | 30.09.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 01.09.2011മുതൽ 20.09.2011 | 2008-2009 മുതൽ | 27.02.2012 |

| | | | |
|---|---|---|---|
| ഓഡിറ്റ് | വരെ | 2010-2011വരെ | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതിപരിഷ്കരണം - നടപടിക്രമങ്ങളുടെ വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിലെ നികുതി പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/03.11.2017 ന് നൽകിയ മറുപടിയിൽ നിന്നും പരിഷ്കരണ നടപടികൾ പൂർത്തിയായതായി വ്യക്തമാകുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ഫോറം നം.6 -ൽ വിവരശേഖരണം നടത്തി സഞ്ചയ സിസ്റ്റത്തിൽ എൻട്രി വരുത്തിയിട്ടുണ്ട്. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഫോറം നം.6 ലെ വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടുകയും അത് സെക്രട്ടറി അംഗീകരിച്ച് ഡിജിറ്റൽ സൈൻ രേഖപ്പെടുത്തുകയും ചെയ്തു എന്നാണ് മറുപടി നൽകിയത്.

സഞ്ചയ സിസ്റ്റത്തിലെ എൻട്രികൾ പ്രകാരം ഉള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ് | താമസ ആവശ്യം | വാണിജ്യ ആവശ്യം | മറ്റുള്ളവ |
|---|---|---|---|---|
| 1. | ആറ്റുവ | 624 | 85 | 38 |
| 2. | ചെറുമുഖ | 533 | 43 | 17 |
| 3. | ഇടപ്പോൺ കിഴക്ക് | 463 | 68 | 35 |
| 4. | പാറ്റൂർ | 569 | 48 | 36 |
| 5. | പഴഞ്ഞി ക്കോണം | 484 | 42 | 20 |
| 6. | കിടങ്ങയം | 462 | 9 | 8 |
| 7. | പാലമേൽ | 495 | 30 | 21 |
| 8. | നെടുകുളഞ്ഞി മുറി | 476 | 35 | 18 |
| 9. | തത്തംമുന്ന | 537 | 91 | 24 |
| 10. | പുതുപ്പള്ളി ക്കുന്നം തെക്ക് | 837 | 373 | 62 |
| 11. | പുതുപ്പള്ളി ക്കുന്നം വടക്ക് | 808 | 34 | 7 |
| 12. | ഇടക്കുന്നം | 510 | 26 | 21 |
| 13. | നടുവിലേമുറി | 520 | 53 | 60 |
| 14. | പടനിലം ടൗൺ | 531 | 95 | 22 |
| 15. | പുലിമേൽ തെക്ക് | 503 | 29 | 9 |
| 16. | പുലിമേൽ വടക്ക് | 482 | 18 | 4 |
| 17. | ഇടപ്പോൺ പടിഞ്ഞാറ് | 532 | 63 | 62 |

അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും മറുപടിയിൽ വിവരം ഉൾപ്പെടുത്തിയില്ല.

നികുതി പരിഷ്കരണത്തിന്റെ ഭാഗമായി വസ്തുനികുതി ഡിമാന്റ് 1479319/- രൂപ (2012-13) യിൽ നിന്നും 3207689/- (2013-14) രൂപയായി വർധിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. കെട്ടിടത്തിന്റെ ഘടനാപരമായ മാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച 3 പരാതികൾ അല്ലാതെ മറ്റ് പരാതികൾ നികുതി നിർണ്ണയത്തിൽ ഉണ്ടായിട്ടില്ല. ലഭിച്ച പരാതികൾ പരിഹരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വിവരം ശേഖരിച്ച് സഞ്ചയസിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഒരു കെട്ടിടം പോലും വിവര ശേഖരണത്തിൽ ഉൾപ്പെടാതെ ഒഴിവാക്കപ്പെട്ടിട്ടില്ല എന്നമാണ് സെക്രട്ടറി രേഖാമൂലം അറിയിച്ചത്. തുടർനടപടികളുടെ ഭാഗമായി പരിഷ്കരിച്ച നികുതി പൂർണ്ണമായും നികുതിദായകരിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം-വസ്തുനികുതി നിർണ്ണയത്തിലെ അപാകത

X-ാം വാർഡിൽ ശ്രീ.നെവിൻ.എച്ച്,വലിയവിളകിഴക്കതിൽ എന്നയാളുടെ ഉടമസ്ഥതയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (കെൻസാമാൾ) വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1)430.26 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിൽ (താഴത്തെ നില) ആകെ 13 കടമുറികളാണ് ഉള്ളത്. ഇവക്ക് 926മുതൽ 938വരെ നമ്പരുകൾ നൽകി ഓരോ മുറികൾക്കും ആനുപാതികമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായാണ് നികുതി നിർണ്ണയിച്ചത്.ഓരോ മുറികൾക്കും പ്രത്യേകം അസ്സസ് മെന്റ് നടത്തി ഡിമാന്റ് ചെയ്തിരിക്കുന്ന ആകെ വസ്തുനികുതി 20657 /- രൂപയാണ്.

2)412.2 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള രണ്ടാമത്തെ കെട്ടിടത്തിൽ (താഴത്തെ നില) ആകെ 10കടമുറികളാണ് ഉള്ളത്. ഇവക്ക് 944മുതൽ 953വരെ നമ്പരുകൾ നൽകി ഓരോ മുറികൾക്കും ആനുപാതികമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായാണ് നികുതി നിർണ്ണയിച്ചത്. ഓരോ മുറികൾക്കും പ്രത്യേകം അസ്സസ് മെന്റ് നടത്തി ഡിമാന്റ് ചെയ്തിരിക്കുന്ന ആകെ വസ്തുനികുതി 19789 /- രൂപയാണ്.

ഒരു വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള ഒറ്റ കെട്ടിടത്തിലെ മുറികളാകയാൽ ആകെ തറവിസ്തീർണ്ണം പരിഗണിച്ച് 200 ചതുരശ്ര മീറ്റർ - ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകളുടെ ഗണത്തിൽപ്പെടുത്തിയാണ് ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തേണ്ടിയിരുന്നത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.12.11 ലെ 3-ാം നമ്പർ തീരുമാനമനുസരിച്ച് ഈ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്ററിന് ഈടാക്കേണ്ട വസ്തുനികുതി 80രൂപയാണ്. ഇതിനു പകരം ഓരോ മുറിയുടെയും വിസ്തീർണ്ണം പരിഗണിച്ച് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 100 $m^2$ വരെയും ($40/m^2$) $100m^2$ ന് മുകളിലുമുള്ള ($60/m^2$) കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്.

നികുതി നിർണ്ണയിച്ചതിലെ കുറവിന്റെ വിവരം ചുവടെ ചേർക്കുന്നു.

1) 430.26 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടം.

| | |
|---|---|
| 200ചതുരശ്രമീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ ബിൽഡിംഗിന് ബാധകമായ ഒരുചതുരശ്രമീറ്ററിന് 80/- രൂപ പ്രകാരം 430.26 ചതുരശ്രമീറ്ററിന് ഈടാക്കേണ്ട വസ്തുനികുതി | 34421/- |
| അഞ്ച് മീറ്ററിലധികം റോഡ് സൗകര്യമുള്ളതിനാൽ 20% വർദ്ധനവ് - | 6884/- |
| ആകെ നികുതി | 34421+6884=41305/- |
| നികുതി നിർണ്ണയിച്ചതിൽ കുറവ് | 41305-20657 = 20648/- |

2) 412.2 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടം

| | |
|---|---|
| 200ചതുരശ്രമീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ ബിൽഡിംഗിന് ബാധകമായ ഒരുചതുരശ്ര മീറ്ററിന് 80 /- രൂപ പ്രകാരം 412.2ചതുരശ്രമീറ്ററിന് ഈടാക്കേണ്ട വസ്തുനികുതി - | 32976/- |

| | |
|---|---|
| അഞ്ച് മീറ്ററിലധികം റോഡ് സൗകര്യമുള്ളതിനാൽ 20% വർദ്ധനവ് | 6595/- |
| ആകെ നികുതി | 32976+6595=39571/- |
| നികുതി നിർണ്ണയിച്ചതിൽ കുറവ് | 39571- 19789 = 19782/- |

14.01.2011 ലെ സ.ഉ (അ) നമ്പർ 20/2011/ത.സ്വ.ഭ.വ ഉത്തരവ് ചട്ടം 3, ഉപചട്ടം 4, 5 പ്രകാരമാണ് ഈ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചത് എന്നാണ് ഓഡിറ്റ് അന്വേഷണം നം.13/03.11.2017 - ന് മറുപടി നൽകിയത്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ പ്രസ്തുത വിജ്ഞാപനപ്രകാരമുള്ള ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (5) അനുസരിച്ച് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് (പാർപ്പിടാവശ്യം, വ്യവസായം, വാണിജ്യം, വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ, അമ്യൂസ് മെന്റ് പാർക്ക്, മൊബൈൽ ടവർ എന്നിവക്കായി ഉപയോഗിക്കുന്നവ, മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ.) ഉപയോഗപ്പെടുത്തുന്ന വെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തണം എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഇവിടെ ശ്രീ.നെവിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ മുറികൾ എല്ലാം തന്നെ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതാണ്. എല്ലാ കടമുറികളും വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പരാമർശിക്കും വിധം ഉള്ള വ്യത്യസ്ത ഉപയോഗം എന്നതിന് ഇവിടെ പ്രസക്തി ഇല്ല. കൂടാതെ കെട്ടിടം ഷോപ്പിംഗ് മാളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നതുമാണ്.

സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം പരിഗണിച്ച് നികുതി നിർണ്ണയിക്കുന്നതിനുള്ള ഓപ്ഷൻ നിലവിൽ ഇല്ല എന്നും മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. തെറ്റായ നികുതിനിർണ്ണയം വഴി പഞ്ചായത്തിന് 40430/- രൂപയുടെ കുറവ് വന്ന സാഹചര്യത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച നികുതി ഈടാക്കുന്നില്ല

നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 01.04.2013 പ്രാബല്യത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതുക്കി നിർണ്ണയിച്ചിട്ടുണ്ട്. 2012-13 വരെയും പഴയ നിരക്കിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും പുതിയ നിരക്കിലുള്ള നികുതി ഇവർ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും കെട്ടിട നമ്പരും | തറവിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | 2013-14 മുതൽ 2016-17 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1. | ഇൻഡസ് ടവേഴ്സ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് (14/664) | 61.315$m^2$ | 33724/- | 134896/- (33724 x4) |
| 2. | എ.റ്റി.സി ടെലികോം ഇൻഫ്രാ സ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് (1/757) | 34$m^2$ | 18700/- | 74800/- (18700x4) |
| 3. | മാനേജർ, ഭാരതി എയർടെൽ (IV/637) | 35.26m2 | 19393/- | 77572/- (19393x4) |
| 4. | മാനേജർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്. | 65.94$m^2$ | 36267/- | 145068/- (36267x4) |
| ആകെ | | | 108084/- | 432336/- |

2016-17 വർഷം മാത്രം ഈ ഇനത്തിൽ 108084/- രൂപയുടെ നഷ്ടം ഉണ്ടായി. തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനായി 05.03.17 ലും 26.03.17 ലും ഡിമാന്റ് നോട്ടീസ് നൽകിയെന്നും സ്ഥാപനങ്ങൾ തുക ഒടുക്കാത്ത സാഹചര്യത്തിൽ കേസ് ഫയൽ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നുമാണ് ഓഡിറ്റ് അന്വഷണം നം.7/01.11.2017 ന് മറുപടി നൽകിയത്. കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഡി &ഒ ലൈസൻസ് നടപടികളിലെ അപാകതകൾ

1.ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ -232 (1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. എന്നാൽ 2015-16 വർഷം പ്രവർത്തിച്ചവയിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

1. എസ്.ബാലഗോപാലപിള്ള, സൂര്യ ഡിജിറ്റൽ സ്റ്റുഡിയോ.

2.സിന്ധു, സിന്ധു ഭവനം -ഫാൻസി കട.

3.ഉണ്ണികൃഷ്ണപിള്ള, താഴത്താനത്ത് വീട് -ടൂ വീലർ സെയിൽസ്.

4.ജോസഫ് ജോർജ്, മറ്റത്ത് കാലായിൽ.

5.രാധാകൃഷ്ണ പിള്ള ,കന്നേലവിളയിൽ -പലചരക്ക് വ്യാപാരം.

6.രവീന്ദ്രൻ ആചാരി, കൊല്ലം പറമ്പിൽ -വെൽഡിംഗ് വർക് ഷോപ്പ്.

ബി)ലൈസൻസ് യഥാസമയം എടുക്കുന്നില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുൻപായി പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷം ആകെ ലൈസൻസ് നൽകിയിട്ടുള്ള 259സ്ഥാപനങ്ങളിൽ 12സ്ഥാപനങ്ങൾ മാത്രമാണ് മുൻകൂറായി ലൈസൻസ് നേടിയിട്ടുള്ളത്. ജീവൻ രക്ഷാ മരുന്നുകളുടെ വിൽപനശാലകൾ ഉൾപ്പെടെയുള്ളവ യഥാസമയം ലൈസൻസ് പുതുക്കുന്നില്ല. ലൈസൻസ് നടപടികളിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

സി)ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വെറ്ററിനറി സർജൻ നടപ്പാക്കിയ മുട്ടക്കോഴി വിതരണം പദ്ധതിയുടെ ഫയൽ പ്രകാരം രണ്ട് പൗൾട്രി ഫാമുകൾ (ചിത്രാ എഗ്ഗർ നഴ്സറി പടനിലം, കൈരളി എഗ്ഗർ നഴ്സറി പാറ്റൂർ.) പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. എന്നാൽ ഇവ രണ്ടും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക -1 ക്രമനം.149 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ബാധകമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നിലവിൽ ലൈസൻസ് എടുക്കുന്നില്ല. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

ഡി)ഏകീകൃത നിരക്കിൽ ഫീസ് ഈടാക്കുന്നില്ല.

ഡിമാന്റ് രജിസ്റ്റർ പ്രകാരം രണ്ടു പെട്രോൾ പമ്പുകളാണ് 2016-17 ൽ ലൈസൻസ് എടുത്തത്. ജയ പെട്രോളിയം എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസായി 4,000/- രൂപ ഈടാക്കുമ്പോൾ ശിവം ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്നും 1500/- രൂപയാണ് ഫീസ് ഈടാക്കുന്നത്. ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയില്ല. രണ്ടു സ്ഥാപനങ്ങളുടെയും വരുമാനത്തിന്റെ വിവരം ശേഖരിച്ച് കൃത്യമായ രീതിയിൽ ഫീസ് നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

## 2-5 ടെണ്ടർ ഫീസ് - പഞ്ചായത്തിന് ലഭിക്കാനുള്ളത് 1,22,155/- രൂപ

പഞ്ചായത്തിൽ 15-16, 16-17 വർഷങ്ങളിൽ ഇ-ടെൻണ്ടർ മുഖേന നടപ്പാക്കിയ മരാമത്തു വേലകളുടെ ടെൻണ്ടർ ഫീസിനത്തിൽ താഴെപറയും പ്രകാരം 1,22,155/- രൂപ ലഭിച്ചിട്ടുണ്ട്.

| വർഷം | പ്രവർത്തികളുടെ എണ്ണം | ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക |
|---|---|---|
| 15-16 | 1 | 7245 |
| 16-17 | 24 | 114910 |
| | | 122155 |

എൻ.ഐ.സി. മുഖേന ഓൺ ലൈനായി കരാറുകാരൻ ഒടുക്കു വരുത്തുന്ന ഈ തുക നിലവിൽ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണുള്ളത്. പഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക നാളിതു വരെ തിരികെ ലഭിച്ചിട്ടുള്ളതായോ പഞ്ചായത്ത് ഇതു സംബന്ധിച്ച് ഏതെങ്കിലും കത്തിടപാടുകൾ നടത്തിയതായോ രേഖയില്ല. ആകയാൽ ടെൻണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് അർഹമായ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവഴിച്ചിട്ടില്ലാത്ത റിവോൾവിംഗ് ഫണ്ട് ചെലവഴിച്ചതായി കാണിച്ച് ബാങ്കിൽ നിക്ഷേപമാക്കിയിരിക്കുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം താഴെ പറയുന്ന തുകകൾ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് കുടുംബശ്രീയുടെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 57040191981) നിക്ഷേപിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം. | തുക | ബിൽ നം./തീയതി |
|---|---|---|---|
| കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾഫിംഗ് ഫണ്ട് | S0144/17 | 700000 | 26/27.3.17 |
| കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾഫിംഗ് ഫണ്ട്(എസ് സിപി) | S0154/17 | 130000 | 49/31.3.17 |
| കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾഫിംഗ് ഫണ്ട് | S0155/17 | 200000 | 50/31.3.17 |
| ആകെ | | 1030000 | |

ആകെ 206 യൂണിറ്റുകൾക്ക് 5000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്ന തിനാണ് തുക നിക്ഷേപിച്ചിരുന്നത്. എന്നാൽ 93 യൂണിറ്റുകൾ മാത്രമാണ് (ആകെ 465000/- രൂപ) തുക കൈപ്പറ്റിയിട്ടുള്ളത്. ഇതിൽ നിന്ന് അർഹരായ യൂണിറ്റുകളെ കണ്ടെത്താതെയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത് എന്ന് വ്യക്തമാണ്. വാർഷികകണക്കുകൾ പ്രകാരം റിവോൾവിംഗ് ഫണ്ടിനത്തിലെ മുഴുവൻ തുകയും ചെലവഴിച്ചതായി കാണിച്ചിട്ടുണ്ടെങ്കിലും 565000 രൂപ ഇപ്പോഴും നിക്ഷേപമായി തുടരുന്നു. സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിച്ച ഈ തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ച് 2017-18 വർഷം സ്പിൽ ഓവർ പ്രോജക്റ്റ് തയാറാക്കി പദ്ധതിക്കായി തുക വകയിരുത്തേണ്ടിയിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. അതോടൊപ്പം യൂണിറ്റുകൾക്ക് ആനുകൂല്യം അനുവദിച്ച നടപടികളിലും താഴെ പറയുന്ന അപാകങ്ങൾ നിലനിൽക്കുന്നതായി ബോദ്ധ്യപ്പെട്ടു.

1) ആനുകൂല്യം കൈപ്പറ്റിയ യൂണിറ്റുകൾ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല

2) യൂണിറ്റുകൾക്ക് ബാങ്കിൽ നിന്നുള്ള ഗ്രേഡിംഗ് ലഭിച്ചിട്ടില്ല.

3) യൂണിറ്റുകൾ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും വരുമാന ദായകങ്ങളായ

പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല.

4) പ്രവർത്തന മൂലധനമായി യൂണിറ്റുകൾ ഏതെങ്കിലും ബാങ്കിൽ നിന്ന് വായ്പ എടുത്തിട്ടില്ല.

ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന 565000/-രൂപ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

## 3-2 പത്താം ക്ലാസിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ-പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : പത്താം ക്ലാസിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

പ്രോജക്ട് നം. : S0034/17

ചെലവഴിച്ച തുക : 168760/-( ബിൽ നം.32/13.3.17)

പത്താം ക്ലാസിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിയതുമായി ബന്ധപ്പെട്ട് പ്രോജക്ട് നടപ്പാക്കിയതിലുണ്ടായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) കുറഞ്ഞ ടെന്റർ ഒഴിവാക്കി വാങ്ങൽ നടത്തി

സൈക്കിൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ ടെന്റർ ഹാജരാക്കിയ സ്ഥാപനത്തിന്റെ ടെന്റർ പരിഗണിക്കാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് 11260/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സൈക്കിൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ടെന്റർ ഹാജരാക്കിയിരുന്നു. ഇവയിൽ ദ സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനംതിട്ട എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ ടെന്റർ ഹാജരാക്കിയിരുന്നത്. എന്നാൽ ഈ ടെന്റർ പരിഗണിക്കാതെ ഉയർന്ന ടെന്റർ ഹാജരാക്കിയ മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാങ്ങിയ സൈക്കിളുകളുടെ എണ്ണം | മുരളി സൈക്കിൾ മാർട്ട് ഹാജരാക്കിയ നിരക്ക് | ചെലവഴിച്ച തുക | ദ സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനംതിട്ട ഹാജരാക്കിയ നിരക്ക് | ചെലവാകുമായിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|---|
| ആൺ കുട്ടികൾക്കുള്ള സൈക്കിൾ | 21 | ഹീറോ റോക്കി RF-/-3595 | 75495 (3595x21) | ഭോഗൽ ഡി എൻഎസ് കോൺട -3475 | 72975 | 2520 |
| പെൺകുട്ടികൾക്കുള്ള സൈക്കിൾ | 23 | ബി എസ് എ ലേഡി ബേർഡ്-4055 | 93265 (4055x23) | ഭോഗൽ ഡി എൻഎസ് വിവ - 3675 | 84525 | 8740 |
| ആകെ തുക | | | | | | 11260 |

മേൽ വാങ്ങലുമായി ബന്ധപ്പെട്ട് 10.2.17തീയതിയിൽ നടന്ന പർച്ചേസിംഗ് കമ്മറ്റി തീരുമാനത്തിൽ എസ്. വി.പ്രസന്നകമാർ, സൈക്കിൾ, മോട്ടോർ ട്രേഡേഴ്സ്, പത്തനംതിട്ട, അജന്ത സൈക്കിൾസോൺ, ചാരുംമൂട് എന്നിവർ സമർപ്പിച്ച ടെന്ററിൽ ഹെർക്കലീസ് റോക്കി, ബി.എസ്.എ ലേഡി ബേർഡ് എന്നീ ഇനങ്ങൾക്ക് കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നിരസിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഭോഗൽ ഡിഎൻഎസ് കോൺട, ഭോഗൽ ഡിഎൻ.എസ് വിവ എന്നീ കുറഞ്ഞ ക്വട്ടേഷനുകൾ ലഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ പർച്ചേസിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നില്ല. മാത്രമല്ല 17.2.17 തീയതിയിലെ 4(2)-ാം നമ്പർ കമ്മറ്റി തീരുമാനത്തിൽ "സൈക്കിൾ വാങ്ങുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി സമർപ്പിച്ച ടെന്റർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് കമ്മറ്റി ചർച്ച ചെയ്യുകയും കുറവ് തുക രേഖപ്പെടുത്തിയ മുരളീ സൈക്കിൾ മാർട്ട് സമർപ്പിച്ച ടെന്റർ

അംഗീകരിച്ചതായും" രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് സൈക്കിൾ, മോട്ടോർ ട്രേഡേഴ്സ്, പത്തനംതിട്ട, എന്ന സ്ഥാപനം സമർപ്പിച്ച കുറഞ്ഞ ടെന്റർ പർച്ചേസിംഗ് കമ്മറ്റിയോ ജനറൽ കമ്മറ്റിയോ പരിഗണിച്ചിരുന്നില്ല എന്ന് വ്യക്തമാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ കമ്മറ്റിയുടെ പൊതു അഭിപ്രായം നടപ്പാക്കുക മാത്രമാണ് ചെയ്തത് എന്നും ബി.എസ്.എ ലേഡി സൈക്കിൾ, ഹെർക്കുലീസ് റോക്കി സൈക്കിൾ എന്നിവ മറ്റ് ബ്രാന്റുകളേക്കാൾ ഗുണനിലവാരമുള്ളവയാണെന്ന് പരക്കെ അഭിപ്രായമുള്ളതിനാലാണെന്നും എന്നാൽ തീരുമാനം മിനിട്ട് ചെയ്തപ്പോൾ ബ്രാന്റ് നെയിം ചേർക്കാൻ വിട്ട് പോയതാണെന്നും പറഞ്ഞിരിക്കുന്നു. സൈക്കിൾ & മോട്ടോഴ്സ് ട്രേഡേഴ്സ് പത്തനംതിട്ട സമർപ്പിച്ച ടെന്ററിൽ മേൽ പറഞ്ഞ ബ്രാന്റുകൾക്ക് മുരളി സൈക്കിൾ രേഖപ്പടുത്തിയിരുന്ന നിരക്കിനേക്കാൾ കൂടിയ നിരക്കാണ് രേഖപ്പെടുത്തിയിരുന്നത് എന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഏതെങ്കിലും പ്രത്യേക ബ്രാന്റിലുള്ള ഉപകരണങ്ങൾ വാങ്ങണമെന്ന് നിശ്ചയിക്കുന്നത് സ്റ്റോർ പർച്ചെസ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാരണങ്ങളാൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച 11260 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

II) വാങ്ങിയ സൈക്കിളുകൾ മുഴുവൻ വിതരണം ചെയ്തില്ല

മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ 44 സൈക്കിളുകളിൽ 3 ലേഡീസ് സൈക്കിളുകളും 2 ബോയ്സ് സൈക്കിളും ഉൾപ്പടെ ആകെ 5 സൈക്കിളുകൾ വിതരണം ചെയ്യാതെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധന നടത്തിയതിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതിലുണ്ടായിട്ടുള്ള പാകപ്പിഴവ് മൂലമാണ് സൈക്കിളുകൾ മുഴുവൻ വിതരണം ചെയ്യാൻ സാധിക്കാതിരുന്നതിന് കാരണം. വിതരണം ചെയ്യാതെ അശേഷിക്കുന്ന സൈക്കിളുകളുടെ വിലയായ 19355 രൂപ ( 3595x2+4055x3) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി സൈക്കിളുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ - അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

പ്രോജക്ട് നം. : S0014/17

ചെലവഴിച്ച തുക : 139860/- (ബിൽ നം. 16/31.3.17) രൂപ (വികസന ഫണ്ട്)

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് പ്രോജക്ട് നടപ്പാക്കിയതിൽ അപാകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക) ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹത തെളിയിക്കുന്ന രേഖകൾ (ജാതി സർട്ടിഫിക്കറ്റ്) എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല.

ഖ) പഠനോപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ കുട്ടികൾക്ക് വിതരണം ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.

ഗ) മറ്റ് ഏജൻസികളിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപ്പെടുത്തൽ ഫയലിൽ ലഭ്യമല്ല.

ഘ) ഗുണഭോക്താക്കൾ സ്കൂളിൽ പഠിക്കുന്നവരാണെന്ന് അതാത് സ്കൂൾ എച്ച്.എം.മാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് 3.11.17 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) ഹാജരാക്കിയ മറുപടിയിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കാൻ വിട്ട് പോയതാണെന്നും സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഗുണഭോക്തൃ ലിസ്റ്റും കൈപ്പറ്റ് രേഖകളും മിസ് പ്ലേസ് ആയതാണെന്നും അറിയിച്ചു ഈ മറുപടി തൃപ്തികരമല്ലാത്തതിനാൽ മതിയായ രേഖകളുടെ അഭാവത്തിൽ പഠനോപകരണങ്ങൾക്കായി ചെലവഴിച്ച 139860/- രൂപ(37 യൂണിറ്റ്@3780/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ സൂക്ഷിച്ചിട്ടുള്ളതിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

പ്രോജക്ട് നം.: S097/17

ചെലവഴിച്ച തുക : 440000/-

പഠന മുറി നിർമ്മിക്കുന്നതിനായി 4 ഗുണഭോക്താക്കൾക്ക് 100000/-രൂപ വീതവും ഒരു ഗുണഭോക്താവിന് 40000/- രൂപയും അനുവദിച്ചിരുന്നു. സർക്കാർ ഉത്തരവ് [ജി.ഒ (ആർ. റ്റി) 626/2016 തസ്വഭവ 15.2.16] പ്രകാരം നിലവിലുള്ള വീടുകൾക്ക് 800 ചതു.അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുകളുടെ ഉടമകൾക്ക് മാത്രമേ പഠന മുറിനിർമ്മാണത്തിനുള്ള ധന സഹായത്തിന് അർഹതയുള്ളൂ. ഈ ഉത്തരവ് പ്രകാരം നിർമ്മിക്കുന്ന പഠന മുറിയ്ക്ക് കുറഞ്ഞത് 120 ചതുരശ്ര അടി വിസ്തീർണ്ണമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം പുതിയ നിർമ്മാണത്തിന്റെ പ്ലാനോ എസ്റ്റിമേറ്റോ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണോ തുക ചെലവഴിച്ചത് എന്ന് വ്യക്തമല്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് മാത്രം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പൂർത്തീകരിച്ച മരാമത്ത് വേലകൾക്ക് നിയമാനുസൃത സേവന നികുതി ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പിലാക്കിയതും പൂർത്തീകരിച്ചതുമായ താഴെപറയുന്ന മരാമത്ത് പ്രവർത്തികൾക്ക് നിയമാനുസൃതമായ സേവന നികുതി ഒടുക്കിയിട്ടില്ല.

| വർക്കിന്റെ പേരും പ്രോജക്ട് നമ്പരും | കരാറുകാരന്റെ പേര് | മൂല്യ നിർണയ തുക (ടെണ്ടർ വ്യത്യാസം കഴിച്ച് ) | ഒടുക്കേണ്ടിയിരുന്ന സേവന നികുതി | ബിൽ നം./തീയതി |
|---|---|---|---|---|
| (1)വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റനൻസ് 106/17 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ | 178471 | 18739(10.5%) | 46/300 /03/2017 |
| (2)ചെറുമുഖ എൽ. പി.എസ്. അസംബ്ലി ഹാൾ 86/17 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ | 112287 | 6737 (6%) | 50/30/03/2017 |
| (3)ഹോമിയോ ഹോസ്പിറ്റൽ മെയിന്റനൻസ് 87/17 | ശിവശങ്കരകുറുപ്പ് | 45098 | 4735 (10.5%) | 32/30/03/17 |
| | | | 30,211 | |

ടി വർക്കുകളുടെ എസ്റ്റിമേറ്റിൽ സേവന നികുതിയിനത്തിൽ തുക വകയിരുത്തിയിട്ടും ഈ ഇനത്തിൽ തുക ഒടുക്കാതിരുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/1/11/17) സർവീസ് ടാക്സ് ഇനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുക കരാറുകാരന് അനുവദിച്ച് നൽകിയിട്ടുള്ളതല്ലെന്നും കരാറുകാരന് സർവീസ് ടാക്സ് ഒടുക്കിയതിന്റെ നിയമാനുസൃത രേഖ ഹാജരാക്കുമ്പോൾ ടി ഇനത്തിൽ തുക അനുവദിക്കുന്നതിലേക്കായി പ്രവർത്തികൾ 17-18 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി നല്കി. നിലവിൽ സേവനനികുതി നിർത്തലാക്കിയതിനാലും കുടിശ്ശികയായ സേവന നികുതി ഒടുക്കുവാനുള്ള സമയപരിധി അവസാനിക്കാറായ തിനാലും എത്രയും വേഗം പ്രസ്തുത പ്രവർത്തികളുടെ സേവന നികുതി ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ചെറുമുഖ എൽ.പി.എസ്. അസംബ്ലി ഹാൾ - കരാറുകാരന് അർഹമായ തുക കണക്കാക്കിയതിൽ പിഴവ്

പഞ്ചായത്തിന്റെ 2-ാം വാർഡിലെ ചെറുമുഖ എൽ.പി.എസ്. അസംബ്ലി ഹാൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ

176395/- രൂപ അടങ്കലുള്ള പ്രോജക്ടിന്റെ നിർവഹണം 13.72% കുറഞ്ഞ നിരക്കിൽ ചന്ദ്രശേഖരൻ ഉണ്ണിത്താൻ എന്ന കരാറുകാരനെ ഏൽപിച്ചിരുന്നു. 20/03/17-ൽ പൂർത്തിയാക്കിയ ഈ വർക്കിന് 130142.37/- രൂപ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട് (എം. ബുക്ക് നം. 24/17). എന്നാൽ ഇപ്രകാരം മൂല്യ നിർണയം നടത്തിയ തുകയിൽ നിന്നും രണ്ടു പ്രാവശ്യം ടെണ്ടർ കുറവു വരുത്തി ശേഷിച്ച തുക മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. (ബിൽ നം.50/30.03.17) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഫൈനൽ ബിൽ പ്രകാരം അനുവദിച്ചത് | അനുവദനീയമായത് |
|---|---|---|
| മൂല്യ നിർണയ തുക<br>ടെണ്ടർ കുറവ്(13.72%)<br>ബാക്കി | 130142.37<br>17855.53<br>112287 | 130142.37<br>17855. 53<br>112287.00 |
| ടെണ്ടർ കുറവ്(13.72%) | 15405.77<br>96881.23 | --<br>112287 |
| 10% റിട്ടൻഷൻ<br>വാറ്റ് (4%)<br>കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ്. (1%)<br>ഐ.റ്റി. (1%) | 9688.12<br>87193.11<br>3875<br>969<br>969<br>81380 | 11228<br>101059<br>4491<br>1123<br>1123<br>94322 |

ഫൈനൽ ബില്ലിൽ തെറ്റായി കുറവു വരുത്തിയതു മൂലം കരാറുകാരന് നല്കിയതിലും നികുതികൾ ഒടുക്കിയതിലും കുറവു വന്നിട്ടുണ്ട്. കൂടാതെ റിട്ടൻഷൻ ഇനത്തിൽ 9688/- രൂപ ബില്ലിൽ കുറവു വരുത്തിയെങ്കിലും ഈ തുക പിൻ വലിച്ച് തനതു ഫണ്ടിൽ ഒടുക്കിയിട്ടില്ല. ഈ അപാകതകളിൻ മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/1/11/17) "മാർച്ച് മാസത്തെ തിരക്കിൽ ശ്രദ്ധക്കുറവ് മൂലമാണ് ബിൽ തുകയിൽ നിന്നും രണ്ടുപ്രാവശ്യം ടെൻണ്ടർ കുറവ് വരുത്താനിടയായതെന്നും കരാറുകാരൻ സർവ്വീസ് ടാക്സ് ഒടുക്കാത്തതിനാൽ ഈ തുകയും റിട്ടൻഷനും അനുവദിക്കുന്നതിലേക്ക് പ്രസ്തുത പ്രവർത്തി 17-18-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് " അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. ചൂണ്ടിക്കാട്ടിയ പിഴവ് പരിഹരിക്കുന്നതിനും നികുതിയിനത്തിലെ കുറവ് ഒടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ആശ്രയ ഭവന നിർമ്മാണം - 6.3 ലക്ഷം രൂപ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു

നൂറനാട് ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽപ്പെട്ട പട്ടികജാതിക്കാരായ 4 വനിതാ ഗുണഭോക്താക്കൾക്ക് ഭവന നിർമാണത്തിന് 2.5 ലക്ഷം രൂപ വീതം അനുവദിക്കുന്ന തിലേക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. (ഉത്തരവ് നം. 7671(1) /ഡിപി/16/30-01-17). ഈ തുക സെക്രട്ടറിയുടെ പേരിലുള്ള 707081400000007-ാം നമ്പർ അക്കൗണ്ടിൽ 15/02/17-ൽ ക്രഡിറ്റ് വന്നിട്ടുണ്ട്. ഈ തുക സി.ഡി.എസ്. അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയും ഓഡിറ്റ് സമയം വരെ (11/17) താഴെപറയുന്ന 45 ഗുണഭോക്താക്കൾക്കായി 370000/- രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| (1) രാധാമണി, പറയൻപള്ളിൽ | 50000/- |
| (2) ദേവയാനി, തൊണ്ണൂറയ്യത്ത് | 50000/- |
| (3) രമണി, രഞ്ജിനി ഭവനം | 220000/- |
| (4) ശാന്തമ്മ, രാജുഭവനം | 50000/- |
| ആകെ | 3,70,000/- |

31/3/17 - ന് മുൻപ് ഭവന നിർമാണം പൂർത്തീകരിച്ചുകൊള്ളാമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ഗുണഭോക്താക്കളെക്കൊണ്ട് കരാർ ചെയ്യിച്ചിട്ടുണ്ടെങ്കിലും തുക നല്കിയിട്ടുള്ളത് എ.ഡി. എസുകൾക്കാണ്. അവർ ഇതു സംബന്ധമായ എഗ്രിമെൻറ് ഒപ്പിട്ടിട്ടുമില്ല. മൂന്നു ഗുണഭോക്താക്കളുടെ ഭവന നിർമാണത്തിനായി 50000/-രൂപ വീതം മുൻകൂർ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. ഓഡിറ്റ് സമയത്തും ഈയിനത്തിൽ 6,30,000/- രൂപ സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപമായി ശേഷിക്കുന്നു. (അക്കൗണ്ട് നം. 4538) ആകയാൽ ഗുണഭോക്താക്കളുടെ ഭവന നിർമാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർ ചെയ്യുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ്- വിളക്കുകളുടെ എണ്ണത്തിന് ആനുപാതികമല്ല

ഗ്രാമ പഞ്ചായത്തിൽ മാസംതോറും തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജിനത്തിൽ 93252/- രൂപ അടച്ച് വരുന്നു. കെ.എസ്.ഇ.ബിയുടെ കണക്കുകൾ പ്രകാരം 552 ഓർഡിനറി ബൾബുകളും 352 ഫ്ലൂറസെന്റ് ലാമ്പുകളും 654 സി.എഫ്.എൽ ലാമ്പുകളും ഉൾപ്പെടുന്ന തുകയാണ് ഇത്. എന്നാൽ അടുത്ത സമയങ്ങളിലൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. മാത്രമല്ല, ഓഡിറ്റ് വർഷം 90 എൽ.ഇ.ഡി ബൾബുകൾ വാങ്ങിയിരുന്നെങ്കിലും ഇവ കെ.എസ്.ഇ.ബിയുടെ കണക്കുകളിൽ ഉൾപ്പെട്ടിട്ടുമില്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയിട്ടില്ലാത്ത തിനാലാണ് ഇപ്രകാരം അപാകം സംഭവിച്ചത്. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി അവയുടെ എണ്ണത്തിന് ആനുപാതികമായി കറണ്ട് ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്.

## 3-9 ഒ.ഡി.എഫ് - ശുചിത്വ മിഷൻ വിഹിതം നിക്ഷേപമായി

ഒ.ഡി.എഫ് പദ്ധതി പ്രകാരം ആകെ 324 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഇവർക്കായി ആകെ 4966700/- രൂപ വികസന ഫണ്ടിനത്തിൽ ചെലവഴിച്ചിരുന്നു. ഒരു ഗുണഭോക്താവിന് 12000/- രൂപ ശുചിത്വ മിഷൻ വിഹിതവും 3400/- രൂപ വികസന ഫണ്ട് വിഹിതവുമാണ് ചെലവഴിക്കേണ്ടിയിരുന്നത്. ശുചിത്വമിഷൻ വിഹിതമായി ചെലവഴിക്കേണ്ടിയിരുന്ന 3888000/- രൂപ പിന്നീട് ലഭിച്ചെങ്കിലും ഈ തുക ചെലവഴിക്കപ്പെടാതെ ബാങ്കിൽ നിക്ഷേപമായി തുടരുന്നു. ഇപ്രകാരം തിരികെ ലഭിച്ച തുക അടുത്ത സാമ്പത്തിക വർഷം തന്നെ പ്രോജക്ട് ആവിഷ്കരിച്ച് ചെലവഴിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഈ തുക ചെലവഴിക്കുന്നതിന് പ്രോജക്ടുകളൊന്നും തന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ചെലവഴിക്കപ്പെട്ട വികസന ഫണ്ടിന് പകരമായി ലഭിച്ച ഈ തുക തനത് ഫണ്ടിൽ നിക്ഷേപമാക്കിയത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-10 വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- തുക തടസ്സപ്പെട്ടുത്തുന്നു

സെക്രട്ടറി മുഖേന വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | S0150/17 | കെ.എസ്.ഇ.ബി, ആലപ്പുഴ | 805600/- | ബിൽ നം. 23/283.17- 700000/- ബിൽ നം. 24/28.3.17 105600/- |
| പഞ്ചായത്ത് ഓഫീസ്, പി. എച്ച്.സി, അംഗനവാടികൾ എന്നിവയ്ക്ക് വാട്ടർ കണക്ഷൻ | S0068/17 | കേരള വാട്ടർ അതോറിറ്റി,ആലപ്പുഴ | 200000/- | ബിൽ നം. 22/28.3.317 |
| ആകെ | | | 1005600 | |

നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹിച്ച പദ്ധതികൾ :- നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല

1.പ്രോജക്ട് നം.57/15(പാലിയേറ്റീവ് കെയർ)

പദ്ധതി ചെലവ്-

1.1,25,900/-(ബിൽ നം.1/16-17തീയതി.18.12.16)

2.79947/-(ബിൽ നം.2/16-17തീയതി.31.01.17)

3.35,000/-(ബിൽ നം.6/16-17തീയതി.18.03.17)

4.90700/- (ബിൽ നം.9/16-17തീയതി.27.03.17)

എ) ക്രമ നം. 2 ബിൽ പ്രകാരം ഹോംകെയർ കിറ്റ് (25,000/-), മരുന്നുകൾ (25,000/-), എന്നിവയ്ക്കായി കെ.എം.എസ്.സി.എൽ - ന് പിൻവലിച്ച് നൽകിയ തുകയിൽ 2959/-രൂപയുടെ മരുന്നുകളും 7159/- രൂപയ്ക്കുള്ള ഹോംകെയർ കിറ്റിലെ ഉപകരണങ്ങളും ലഭിച്ചിട്ടില്ല.

ബി). ക്രമ നം. 3,4 ബില്ലുകൾ പ്രകാരം ആയൂർവേദ മരുന്നുകൾക്കായി ഔഷധിക്ക് പിൻവലിച്ച് നൽകിയ 20,000/- രൂപയുടെയും ഹോമിയോ മരുന്നുകൾക്കായി ഹോംകോയ്ക്ക് നൽകിയ 6000/- രൂപയുടെയും മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല.

മരുന്നുകൾ, ഹോം കെയർ കിറ്റിലെ ഉപകരണങ്ങൾ എന്നിവ ലഭിക്കാത്ത സാഹചര്യത്തിൽ 36118/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.ആയൂർവ്വേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം.99/17)

മരുന്നു വാങ്ങുന്നതിനായി 4,50,000/- (ബിൽ നം.4/16-17തീയതി 31.01.17) രൂപ പിൻവലിച്ച് ഔഷധിക്ക് നൽകിയതിൽ 445454/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കിയുള്ള 4546/- (4,50,000 - 445454 ) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.വൃദ്ധർക്ക് ആയൂർവ്വേദ മരുന്നു വാങ്ങൽ (പ്രോജക്ട് നം.100/17)

പദ്ധതിയുടെ ഭാഗമായി മരുന്നുകൾക്കായി 4,62,000/- (ബിൽ നം.5/16-17 തീയതി 28.02.17), 274889/-(ബിൽ നം.7/16-17 തീയതി 18.03.17) രൂപ വീതം ആകെ 736889/-രൂപ ഔഷധിക്ക് നൽകി. ഇതിൽ 413924/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കിയുള്ള 322965/- ( 736889 - 413924) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിക്കാനായി സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/01.11.2017 - ന് മറുപടി നൽകിയില്ല.

## 3-12 പി.എം.സി യോഗം യഥാസമയം ചേരുന്നില്ല, പാലിയേറ്റീവ് നിർവഹണ കമ്മറ്റി രൂപീകരിച്ചില്ല

ജി.ഒ(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ തീയതി 29.10.15 മാർഗ്ഗരേഖ (ഖ.2.3.2)യിലെ നിർദ്ദേശ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരേണ്ടതാണ്. 2016-17 വർഷം പി.എം.സി യോഗം രണ്ടു തവണ (29.08.2016, 09.02.17) മാത്രമാണ് ചേർന്നിട്ടുള്ളത്.

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുമായാണ് കമ്മിറ്റി രൂപീകരിക്കുന്നത്. കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കുകയുള്ളൂ. കൂടാതെ പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. പഞ്ചായത്തിലെ സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ ഒട്ടും തന്നെ വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ് കമ്മിറ്റി യോഗം ചേരാത്തതിൽ നിന്നും വ്യക്തമാകുന്നത്.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന്, ഭരണസമിതി തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു നിർബന്ധിത പദ്ധതി എന്നതിലുപരിയായി സാന്ത്വന പരിചരണ മേഖലയ്ക്ക് അതർഹിക്കുന്ന പ്രാധാന്യം നൽകി നടപ്പാക്കാൻ വേണ്ടത്ര ശ്രദ്ധ നൽകേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ജി.ഒ(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ 29.10.15 - ലെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ഇ. എം. എസ്. ഭവന പദ്ധതി - വീട് നിർമ്മാണം പൂർത്തീകരിച്ചില്ല

ഇ.എം.എസ് ഭവന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ. അനിൽ കുമാർ, ചിഞ്ചു ഭവനം 30.11.2010 - ൽ ഭവനത്തിനായി അപേക്ഷ സമർപ്പിക്കുകയും 02.12.2010 - ൽ ആദ്യ ഗഡുവായ 22500/- രൂപയും 12.05.2011 - ൽ രണ്ടാം ഗഡുവായ 30,000/- രൂപയും കൈപ്പറ്റുകയും ചെയ്തിട്ടും നാളിതു വരെ വീടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഭവന നിർമ്മാണം ഏത് ഘട്ടം വരെയായെന്നും തുടർ പ്രവൃത്തികൾ സംബന്ധിച്ച വിവരവും വിശദീകരിക്കുവാൻ വി.ഇ.ഒയ്ക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം.02/ 31.10.2017 - ന് ഗുണഭോക്താവ് ഫൗണ്ടേഷൻ വരെയുള്ള പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂവെന്നും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി തുടർ ധനസഹായം നല്കുന്നതാണെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ സഹായം ഗുണഭോക്താവിന് നല്കേണ്ടതാണ്. തുടർന്നും വീഴ്ച വരുത്തുന്ന പക്ഷം അനുവദിച്ച ധനസഹായം നിയമാനുസൃത പലിശ സഹിതം ഈടാക്കേണ്ടതാണ് .

## 3-14 ഡെപ്പോസിറ്റ് രജിസ്റ്റർ - കാലഹരണപ്പെട്ട തുകയ്ക്ക് വ്യക്തതയില്ല

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ ഡെപ്പോസിറ്റുകൾ, ഇ.എം.ഡി., റിട്ടൻഷൻ എന്നീ ഇനങ്ങളിലായി 16-17 വർഷം 5,94,241/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ നീക്കിയിരിപ്പുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തിയിട്ടില്ല. ഇതു മൂലം കാലഹരണപ്പെട്ട തുകകൾ ഏതെല്ലാമെന്ന് വ്യക്തമല്ല. ആകയാൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തുന്നതിന് 3 വർഷത്തിനു മുൻപുള്ള ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക്

നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) റസീപ്റ്റ് & പേമെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7811502/- |

| | |
|---|---|
| വരവ് | 63471433/- |
| ആകെ | 71282935/- |
| ചെലവ് | 55115480/- |
| നീക്കിയിരിപ്പ് | 16167455/- |

1)എം.ജി.എൻ.ആർ. ഇ. ജി. എസ്. ഫണ്ടിന്റെ ക്യാഷ് ബുക്കിലെ വർഷാന്ത്യ നീക്കിയിരിപ്പ് 125664/- രൂപയാണ്. എന്നാൽ വാർഷിക കണക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 132056/- രൂപയാണ്. എം.ജി.എൻ.ആർ. ഇ. ജി. എസ് - ന്റെ ക്യാഷ് ബുക്കും, ബാങ്ക് ബുക്കും തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചിട്ടില്ല.

2) താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് രജിസ്റ്റർ പ്രകാരം തുക | | | വാർഷിക കണക്ക് പ്രകാരം തുക | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| റെന്റ് റിസീവബിൾസ് (കറണ്ട്) | 285924 | 283644 | 2280 | 285924 | 233787 | 51822 |

3) വസ്തു നികുതി ഒഴികെയുള്ള മറ്റ് വരവിനങ്ങളുടെ അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) വസ്തു നികുതി സംബന്ധിച്ച വരവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5)ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 80000/- RP – 31 ൽ ഉൾപ്പെടുത്തിയിട്ടില്ല.

b) ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെ പറയുന്നു.

ആദായം: 138024456

(-) ചെലവ്:139216934

ഡെഫിസിറ്റ്- 1192478

1) എം. ജി. എൻ. ആർ.ഇ. ജി. എസ് വാർഷിക കണക്കിലെ I-6 ഷെഡ്യൂൾ പ്രകാരമുള്ള ചെലവ് 47663197/- രൂപ. എന്നാൽ കാഷ് ബുക്ക് പ്രകാരം ചെലവ് 46609000/-രൂപ.

c) ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.3.2017- ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ ചേർക്കുന്നു.

ആകെ ആസ്തി-50046641.31

( -) റിസർവ്വും ഇയർ മാർക്ക്ഡ് ഫണ്ടും ഉൾപ്പെടെ ആകെ ബാദ്ധ്യത – 44805397

പഞ്ചായത്ത് ഫണ്ട്- 5241244.31

1. തൻ വർഷം ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി 1005600/-രൂപ വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ടി തുക ബാലൻസ് ഷീറ്റ് B – 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ജില്ലാ പഞ്ചായത്ത് വിഹിതം മുന്നിരിപ്പുൾപ്പെടെ 950000/-രൂപയാണ്. ചെലവ് തുക 75800/- രൂപ കഴിച്ച് 19200/- രൂപ അവശേഷിക്കുന്നെങ്കിലും B4- ഷെഡ്യൂളിൽ ബാലൻസായി 4200/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും 80000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതമായും ചേർത്തിരിക്കുന്നു.
4. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 150000/- രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ടി തുക B4- ഷെഡ്യൂളിൽ ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 800000 | നെൽകൃഷി വികസനം(ജനറൽ) | 800000 | 0 |
| കേന്ദ്ര വിഹിതം | 2016-17 | 914324 | അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി | 642984 | 271341 |
| ജില്ലാ പഞ്ചായത്ത് | 2015-16<br>2016-17 | 15000<br>80000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75800 | 19200 |
| ശുചിത്വമിഷൻ | 2016-17 | 495675 | വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ | 495675 | 0 |
| ബ്ലോക്ക് സബ്സിഡി | 2016-17 | 150000 | പാൽ സബ്സിഡി | 150000 | 0 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ.നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 23/28.03.17 | 805600 | 0 | 805600 |
| കേരള വാട്ടർ അതോറിറ്റി | പി.എച്ച്.സി, അംഗനവാടികൾ എന്നിവിടങ്ങളിലേക്ക് വാട്ടർകണക്ഷൻ | 22/28.03.17 | 200000 | 0 | 200000 |

## 4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ / വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007-2008 | 3(2) | 51630 | ശ്രീമതി.വിജയലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11602100251/15.4.16 |
| 2010-11,2011-12 | 2(3) | 3 | വിജയൻ പിള്ള | 11602100925/27.5.16 |

### 4-8സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു. |
| 1999-2000 | 17(1),(2) | 2003-2004 | 3 | അനാവശ്യമായി നല്കിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്ന തിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.10 | റോഡ്ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63471433 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55115480 |
| വരവിനങ്ങളിലുള്ള നഷ്ടം | 108084 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11260 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1528344 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്ന | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 108084 | | അനൂപ് കുമാർ.എസ്, സെക്രട്ടറി |
| 3-2(I) | | 11260 | ശ്രീ.ജി മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 108084 | 11260 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(II) | 19355 | ശ്രീ.ജി മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 139860 | ശ്രീ.ജി മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 1005600 | ശ്രീ അനൂപ് കുമാർ.എസ്, സെക്രട്ടറി |
| 3-11(1) | 36118 | ഡോ.പാർവതി ജയപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11(2) | 4546 | ഡോ.പാർവതി ജയപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11(3) | 322965 | ഡോ.പാർവതി ജയപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 1528344 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം-3-5- 30211

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനൂപ്കുമാർ.എസ്, സെക്രട്ടറി | സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം. | അമ്പാട്ട് വീട്, കോളൂർ മുക്ക്, പട്ടാഴി.പി.ഒ, കൊല്ലം |
| ശ്രീ.വിനുരാജ്.ഡി.,അസിസ്റ്റന്റ് എഞ്ചിനീയർ | | ഹാബിറ്റാറ്റ്, (ജില്ലാ ആയുർവേദ ആശുപത്രിക്ക് എതിർവശം)<br>വർക്കല.പി.ഒ.,കൊല്ലം. |
| ശ്രീ.ജി.മോഹനൻ, അസിസ്റ്റന്റ് | വിരമിച്ച | ശിശിരം,കാവുംപാട്ട്,നൂറനാട്. |

| | | |
|---|---|---|
| സെക്രട്ടറി | | |
| ഡോ.പാർവതി ജയപാൽ,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി),<br>നൂറനാട് ഗ്രാമപഞ്ചായത്ത് | കൃഷ്ണമംഗല സൗദം, മാരാരിക്കുളം തെക്ക്,<br>പാതിരപ്പള്ളി,ആലപ്പുഴ. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ<br>2001-02 വരെ | എൽ.എഫ്.ജി.എ5/1832/11/ തീയതി: |
| 2002-03-2005-06 | എൽ.എഫ്.ജി.എ5/1577/13/ തീയതി:20.05.14 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/ തീയതി:20.05.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.6/189/14 തീയതി: |
| 2012-13 | എൽ.എഫ്.എ.പി.6/142/15 തീയതി:30.06.15 |
| 2013-14 | എൽ.എഫ്.എ.പി.6/218/15 തീയതി:26.03,16 |
| 2014-15 | എൽ.എഫ്.എ.പി.6/840/16 തീയതി:30.07,16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി-6/55/2017/25.01.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി6/1384/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 13.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P6/1384/2017

Kerala State Audit Department,
District Audit Office, Alappuzha.
Date: 13.11.2017

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Nooranad Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Nooranad Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha